(ബി) രാവിലെ 9.30 മണി മുതൽ 11 മണി വരെയും വൈകിട്ട് 4 മണി മുതൽ 6 മണി വരെയും.

(സി) നഗരത്തിൽ പ്രകടനങ്ങൾ ഉള്ള ദിവസങ്ങളിൽ രാവിലെ 11 മണിക്ക് മുൻപ് പാളയം സ്റ്റാച്യു ഭാഗത്തേക്ക് പോകേണ്ട വാഹനങ്ങൾ തിരിച്ചുവിടാറില്ല. എന്നാൽ എൽ. എം. എസ്., ആശാൻ സ്കൂയർ, രക്തസാക്ഷി മണ്ഡപം, തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും സെക്രട്ടേറിയറ്റ്, കിഴക്കേകോട്ട ഭാഗങ്ങളിലേക്ക് പ്രകടനമോ ജാഥയോ ഉള്ള സമയങ്ങളിൽ മാത്രമേ, അവ തുടങ്ങുന്നതിനും പത്തോ പതിനഞ്ചോ മിനിറ്റ് മുൻപേ ട്രാഫിക് 'ഡൈവേർഷൻ' നടത്താറുള്ളൂ.

(ഡി) ഉത്തരം 'സി' യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

തിരുവനന്തപുരം നഗരത്തിലെ പ്രകടനം

28 [791] ശ്രീ. വർക്കല കഹാർ:
,, എ. കെ. മണി:
ഡോ. എം. എ. കുട്ടപ്പൻ:
ശ്രീ. ജോർജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിൽ പ്രകടനങ്ങൾ നടത്തുന്ന ദിവസം അതിന്റെ സമയവും രീതിയും വ്യക്തമാക്കിക്കൊണ്ട് ഹൈക്കോടതി ഉത്തരവായിട്ടുണ്ടോ;

(ബി) ഹൈക്കോടതി ഉത്തരവ് പൊതുജനങ്ങളുടെ സൗകര്യത്തെ മുൻനിർത്തിയാണെങ്കിൽ അവർക്ക് അസൗകര്യം സൃഷ്ടിക്കുന്ന രീതിയിൽ ട്രാഫിക് തിരിച്ചുവിടുന്നതെന്തുകൊണ്ടെന്നോ പറയാമോ;

(സി) നഗരത്തിൽ പ്രകടനമുള്ള ദിവസം പട്ടം ഭാഗത്തുനിന്നുള്ള വാഹനങ്ങൾ വി. ജെ. ടി. ഹാളിന് സമീപം എത്തിയതിനു ശേഷമേ ട്രാഫിക് തിരിച്ചുവിടാവൂ എന്ന നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ബഹു. ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പൊതുജനങ്ങൾക്ക് അസൗകര്യം സൃഷ്ടിക്കുന്ന തരത്തിൽ ട്രാഫിക് തിരിച്ചുവിടാറില്ല. എന്നാൽ ചില സന്ദർഭങ്ങളിൽ ഉണ്ടായേക്കാവുന്ന ക്രമസമാധാന പ്രശ്നങ്ങൾ പരിഗണിച്ച് പൊതുജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിന്റെ ഭാഗമായി മാത്രമേ ട്രാഫിക് തിരിച്ചുവിടാറുള്ളൂ.

(സി) പ്രകടനങ്ങൾ പലപ്പോഴും ആരംഭിക്കുന്നത് രക്തസാക്ഷി മണ്ഡപം, ആശാൻ സ്കൂയർ, എൽ. എം. എസ്. ജംഗ്ഷൻ തുടങ്ങിയ സ്ഥലങ്ങളിൽ നിന്നായതുകൊണ്ട് ഇത്തരം സന്ദർഭങ്ങളിൽ വി. ജെ. ടി. ഹാളിന് സമീപമെത്തിയശേഷമേ ട്രാഫിക് തിരിച്ചു വിടാവൂ എന്ന നിർദ്ദേശം അപ്രായോഗികമാണ്.

LIBRARY ARCHIVES Kerala Legislative Assembly